**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഇ-ബസ് പ്രോജക്ട് കൺസൾട്ടന്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അനിൽ അക്കര ,<br>ശ്രീ. കെ. എസ്. ശബരീനാഥൻ,<br>ശ്രീ . വി .എസ്. ശിവകുമാർ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഇ-ബസ് പ്രോജക്ടിന്റെ ഭാഗമായി ടെൻഡർ വിളിക്കാതെ പ്രൈസ് വാട്ടർ ഹൗസ് കൂപ്പറിനെ കൺസൾട്ടന്റായി നിയമിച്ചിരുന്നോ; എങ്കിൽ അതിന്റെ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ; | (എ) | അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ഗതാഗത രംഗത്ത് ആൾട്ടർനേറ്റീവ് ഫ്യുവൽ കൊണ്ടുവരുന്നതിനും ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവ് പ്രകാരം LNG, CNG, Electric, Hydrogen fuel എന്നിവ ഇന്ത്യയിൽ തന്നെ ആദ്യമായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകൈ എടുക്കുകയും ഇലക്ട്രിക് വെഹിക്കിൾ നയം രൂപീകരിക്കുകയും ഈ രംഗത്തുള്ള സ്റ്റേക്ക് ഹോൾഡേഴ്സുമായി ആശയവിനിമയം നടത്തി മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി EV Policy പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. 2,00,000 ഇരുചക്രവാഹനങ്ങൾ, 50,000 ഇലക്ട്രിക് ഓട്ടോ, 3000 ഇലക്ട്രിക് ബസ്സുകൾ, 100 ഇലക്ട്രിക് ബോട്ടുകൾ, 1000 ഇലക്ട്രിക് ട്രക്കുകൾ എന്നിവയാണ് 2022 ഓടുകൂടി മാർക്കറ്റിൽ ഇറക്കുവാൻ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ വലിയൊരു മുന്നേറ്റം കേരളത്തിൽ നടപ്പാക്കുന്നത് കണ്ടുകൊണ്ട് പല കമ്പനികളും കേരളത്തിൽ മുതൽ മുടക്കുവാൻ താൽപര്യം പ്രകടിപ്പിച്ചു വന്നിരുന്നു. സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായി 07/11/2019 ലെ സ.ഉ(സാധാ) നം.515/2019/ഗതാ പ്രകാരം പി.ഡബ്ല്യൂ.സി എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നു. Toshiba, Arrival, HESS, Hitachi, Seimens, ABB തുടങ്ങിയ കമ്പനികൾ വ്യവസായ വകുപ്പുമായും, ഗതാഗത വകുപ്പുമായും ചർച്ചകൾ നടത്തുകയും കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം NICSI അംഗീകൃത കൺസൾട്ടന്റുകളിൽ നിന്നും ടെൻഡർ വിളിക്കുകയും ബസ് പോർട്ട്, ലോജിസ്റ്റിക് |

| | | | |
|---|---|---|---|
| | | | പോർട്ട്, ഇ-മൊബിലിറ്റി എന്നീ മൂന്നു മേഖലകളിലായി അഞ്ച് കൺസൾട്ടൻസികളിൽ നിന്നും മൂന്ന് കൺസൾട്ടന്റുകളെ തിരഞ്ഞെടുത്തു. ധനകാര്യ, വ്യവസായ വകുപ്പിന്റെ നിർദ്ദേശത്തെ അടിസ്ഥാനമാക്കി ദക്ഷിണ മേഖലയിൽ ഇ-മൊബിലിറ്റി കൺസൾട്ടന്റായി തിരഞ്ഞെടുക്കപ്പെട്ട പി.ഡബ്ല്യൂസി-യെ KDISC-ന്റെ കീഴിൽ സംസ്ഥാനത്ത് Electric Vehicle manufacturing eco sysyem സംബന്ധിച്ച് പഠിച്ച വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) | പ്രൈസ് വാട്ടർ ഹൗസ് കൂപ്പറിലെ ഉദ്യോഗസ്ഥർക്ക് സെക്രട്ടേറിയറ്റിൽ ഓഫീസ് തുറക്കുന്നതിനുള്ള പ്രൊപ്പോസൽ ഗതാഗത സെക്രട്ടറി ധനവകുപ്പിന് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വാല്യൂ മാനേജ്മെന്റ് ഓഫീസ് (for handling matters where highly technical and financial expertise is required) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ പരിശോധനയ്ക്കായി ധനവകുപ്പിന് നൽകിയിരുന്നു. |
| (സി) | പ്രസ്തുത പ്രൊപ്പോസലിന്മേൽ ധനവകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു; വിശദമാക്കുമോ? | (സി) | ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വാല്യൂ മാനേജ്മെന്റ് ഓഫീസ് സ്ഥാപിക്കുന്നതിനായി ഒരു പ്രോജക്ട് മാനേജ്മെന്റ് വിദഗ്ധന്റെയും ഒരു ഫംഗ്ഷണൽ കൺസൾട്ടന്റിന്റെയും സേവനം ഒരു വർഷത്തേക്ക് NICSI അംഗീകരിച്ച നിരക്കിൽ ഏർപ്പെടുത്താവുന്നതാണ് എന്ന അഭിപ്രായമാണ് ധനകാര്യ വകുപ്പ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ